പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2852

18/06/2018-ൽ മറുപടിക്ക്

## ആർട്സ് & സയൻസ് കോളേജുകളുടെ സൗകര്യവും വിദ്യാഭ്യാസ നിലവാരവും

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.ദിവാകരൻ** | | **പ്രൊഫ.സി.രവീന്ദ്രനാഥ്** (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആർട്സ് & ആൻഡ് സയൻസ് കോളേജുകളുടെ സൗകര്യവും വിദ്യാഭ്യാസ നിലവാരവും ഉയർത്തുന്നതിന് പ്രഖ്യാപിച്ച പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി 48 ആർട്സ് & സയൻസ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട് ഇതു സംബന്ധിച്ച് മുഴുവൻ കോളേജുകളുടെയും പ്രവൃത്തികളും, തുകയും സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി പ്രത്യേകകാര്യ ഏജൻസിയായ (SPV) KITE-ന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കോളേജുകൾ കിഫ്ബിയിൽ സമർപ്പിച്ച DPRകളുടെ അവലോകനം പുരോഗമിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ 15 കോളേജുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമായ 32 കോളേജുകളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഓരോ കോളേജിനും ഏതൊക്കെ പ്രവൃത്തികൾക്ക്, എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ? | (ബി) | കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ 7 കോളേജുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ വിഭാഗങ്ങളിലായി ഓരോ കോളേജിനും ആദ്യഘട്ടമായി അംഗീകാരം നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>കോളേജുകളിൽ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അപേക്ഷ കിഫ്ബിയുടെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| College Name | Facilities to be implemented | Amount For Civil Works (Rs in Cr) | Amount for Electrical Works (Rs in Cr) | Laboratory equipments (Rs in Cr) | Total Amount (Rs in Cr) |
|---|---|---|---|---|---|
| Government Sanskrit College, Thiruvananthapuram | Academic Block, Canteen Block | 7.29 | 0.27 | | 7.56 |
| Government College Attingal | Academic Block cum Library, Canteen Block | 9.22 | 0.45 | | 9.67 |
| Govt College Nedumangad | Academic Block, Hostel Block | 7.3 | 0.33 | | 7.63 |
| Governmnet Womens College Trivandrum | Laboratory Equipments | | | 2.9 | 2.9 |
| KNM Government College Kanjirakulam | Library Block | 2.31 | 0.08 | | 2.39 |
| Madhavakavi Smaraka Government Arts & Science College Malayenkeezhu | Canteen Block,Hostel Block,Academic Block, Retaining Wall | 4.37 | 0.18 | | 4.55 |
| Government Arts College, Thycaud | Academic Block | 7.65 | 0.25 | | 7.9 |

സെക്ഷൻ ഓഫീസർ